**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4195** **28-06-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കാൻ അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് മുൻപ് നിർമ്മാണം പൂർത്തിയാക്കിയ സർക്കാർ,അർദ്ധ സർക്കാർ,സ്വകാര്യ സ്കൂൾ കോമ്പൗണ്ടുകളിൽ വീണ്ടും അധിക നിർമ്മാണം നടത്തുന്നതിനായി നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുമതി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമൂലം പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് അനുവദിക്കുന്ന ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഇല്ല |
| (സി) | മലപ്പുറം മണ്ഡലത്തിലെ മൊറയൂർ പഞ്ചായത്ത് പരിധിയിലുള്ള ഒഴുകൂർ ഗവണ്മെന്റ് യു.പി. സ്കൂളിലെ കെട്ടിടം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള കവറേജ് പ്രശ്നം പരിഹരിക്കുവാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | അനുമതി നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത വിഷയത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.10.2023 ലെ ത.സ്വ.ഭ.വ/പി.ഡി./57827/2023-എ.ആർ.1 നമ്പർ കത്തിന്റെയും ജോയിന്റ് ഡയറക്ടറുടെ ത.സ്വ.ഭ.വ./ ജെ.ഡി./എം.പി.എം./7078/2023-എഫ്4 നമ്പർ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിൽ ഒഴുകൂർ ജി എം യു പി സ്കൂളിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് കവറേജ് പ്രശം പരിഹരിക്കുന്നതിന് പ്രത്യേക അനുമതി ലഭിക്കുന്നത് സംബന്ധിച്ച് മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ